03
2026
നവംബർ
ചൊവ്വ
തുലാം 17

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 204 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-204 പേജ് 4. വില 2.00 രൂപ

02 എൻസിപിയിൽ ഭിന്നതയില്ല, ലയന ചർച്ചകൾ അവസാനിച്ചു

03 സ്ത്രീകൾക്കെതിരായ സൈബർ ആക്രമണങ്ങൾ തടയാൻ പ്രത്യേക നിയമനിർമ്മാണം

04 ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ' ആദ്യ ഉപകേന്ദ്രം തിരുവനന്തപുരത്ത്



സമഗ്ര ജലനയം രൂപീകരിക്കും

തീരദേശ മേഖലകളിൽ ഡീസാലിനേഷൻ പ്ലാൻറുകൾ സ്ഥാപിക്കും

ജലവിഭവ വകുപ്പിന് കീഴിൽ വരുന്ന വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ച് ജലനയം രൂപീകരിക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ്. സംസ്ഥാന ജലവിഭവ

തീരദേശ മേഖലകളിൽ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമെത്തിക്കുന്ന ഡീസാലിനേഷൻ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും രൂക്ഷമായ പോളശല്യം പരിഹരിക്കാൻ പോള സംസ്കരിച്ച് മൂല്യവർധിത ഉൽപന്നങ്ങളാക്കുന്ന വിദേശ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തും. ഇത്തരം പദ്ധതികൾ പഠിച്ച് നിർദേശിക്കുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചു.

വകുപ്പും വാട്ടർ അതോറിറ്റിയും കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കുന്നതിനാണ് സമഗ്രമായ ജലനയവും വിവിധ പരിഷ്കരണ പദ്ധതികളും നടപ്പാക്കുന്നത്. 2027-ന്റെ തുടക്കത്തിൽ ത



ന്നെ ജലനയം പ്രഖ്യാപിക്കുമെന്നും പി ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു. സമഗ്രമായ ജലനയം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഡിസംബർ ആദ്യവാരം തിരുവനന്തപുരത്ത് 'കേരള വാട്ടർ കോൺക്ലേവ്' സംഘടിപ്പിക്കും. അന്താരാഷ്ട്ര ദുരന്തനിവാരണ വിദഗ്ധൻ മുരളി തുമ്മാരുകുടി അടക്കമുള്ളവർ ഇതിൽ പങ്കാളികളാകും.

തലസ്ഥാന നഗരിയിൽ അരുവിക്കരയിൽ നിന്ന് പമ്പ് ചെയ്യുന്ന കുടിവെള്ളത്തിന്റെ പകുതിയോളം വിതരണത്തിലെത്തും മുൻപ് നഷ്ടപ്പെടുന്നത് കണ്ടെത്തി പരിഹരിക്കാൻ പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പൈലറ്റ് പ്രോജക്റ്റ് ആരംഭിക്കും. വിജയിക്കുന്ന മുറയ്ക്ക് ഈ സാങ്കേതികവിദ്യ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കും.

കുടിവെള്ള-ഇറിഗേഷൻ പ്രശ്നങ്ങൾ പ്രാദേശികമായി പരിഹരിക്കുന്നതിന് ജനുവരി മുതൽ 140 അസംബ്ലി മണ്ഡലങ്ങളിലും എംഎൽഎമാർ ചെയർമാൻമാരായി സമിതികൾ രൂപീകരിക്കും. തദ്ദേശ ജനപ്രതിനിധികളും വാട്ടർ അതോറിറ്റി, പിഡബ്ല്യുഡി, എൽഎസ്ജിഡി ഉദ്യോഗസ്ഥരും അടങ്ങുന്ന സമിതി പ്രതിമാസം യോഗം ചേരും. മൂന്ന് മാസത്തിലൊരിക്കൽ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല അവലോകനവും ആറു മാസത്തിലൊരിക്കൽ മന്ത്രിതല അവലോകനവും നടക്കും.

വാട്ടർ അതോറിറ്റി പൈപ്പിടാനായി വെട്ടിപൊളിക്കുന്ന പിഡബ്ല്യുഡി റോഡുകൾ ഇനി മുതൽ പിഡബ്ല്യുഡിയും ഗ്രാമീണ / പഞ്ചായത്ത് റോഡുകളാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നേരിട്ട് പുനരുദ്ധരിക്കും. റോഡ് പൊളിക്കുന്ന ഭാഗത്തിന്റെ പുനരുദ്ധാരണത്തിനുള്ള തുക വാട്ടർ അതോറിറ്റി അതത് വകുപ്പുകൾക്ക് കൈമാറും. ഇതുസംബന്ധിച്ച് വകുപ്പ് മന്ത്രിമാർ തമ്മിൽ ധാരണയായിട്ടുണ്ട്. ഉന്നതതല യോഗത്തിനു ശേഷം ഔദ്യോഗിക ഉത്തരവ് പുറപ്പെടുവിക്കും. മുല്ലപ്പെരിയാർ അണക്കെട്ടിൽ വിശദമായ സുരക്ഷാ പരിശോധനയ്ക്ക് അനുമതി നൽകിയ 2024-ലെ സുപ്രീം കോടതി വിധി നടപ്പാക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക ഹർജി നൽകും. മുതിർന്ന അഭിഭാഷകൻ മോഹൻ വി. കട്ടാർക്കിയെ പ്രധാന അഭിഭാഷകനായി നിയമിച്ചു. മുല്ലപ്പെരിയാർ വിഷയത്തിൽ തമിഴ്നാടുമായുള്ള തർക്കം പരിഹരിക്കാൻ കേന്ദ്ര സർക്കാരിന്റെ സജീവ ഇടപെടൽ തേടും. അതേസമയം, ബേബി ഡാം വിഷയത്തിൽ കോടതി നിർദേശിച്ച വ്യവസ്ഥകൾ കേരളം പാലിച്ചിട്ടുണ്ടെന്ന് സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്.

ഇറിഗേഷന്റെയും വാട്ടർ അതോറിറ്റിയുടെയും കീഴിലുള്ള 22 ഡാമുകളിൽ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച സമഗ്ര വിലയിരുത്തൽ ഡിസംബർ 31-നകം പൂർത്തിയാക്കും. ഡാം സൈറ്റുകളും കനാലുകളും വാട്ടർ ടാങ്ക് പരിസരങ്ങളും നവീകരിച്ച് ഇറിഗേഷൻ ടൂറിസം വികസിപ്പിക്കും. പൂട്ടിയിട്ടിരിക്കുന്ന മലമ്പുഴ ഉദ്യാനം അടിയന്തരമായി നവീകരിച്ച് തുറന്നുകൊടുക്കും. വകുപ്പിന്റെ ഭൂമികൾ അന്യാധീനപ്പെട്ടു പോകാതിരിക്കാൻ ആറ് മാസത്തിനകം അസറ്റ് മാപ്പിംഗ് നടത്തും. കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ നടപടി സ്വീകരിക്കും. ഡാം, കനാൽ നവീകരണം ഒരു പ്രോജക്റ്റ് ആയിട്ട് എടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുകയാണ്.

മത്സ്യത്തൊഴിലാളികൾക്ക് നേരെയുള്ള ആക്രമണത്തിൽ നടപടി സ്വീകരിക്കും: മന്ത്രി

കൊല്ലം: കുളച്ചൽ, മുട്ടം തീരപ്രദേശങ്ങളിൽ മത്സ്യബന്ധന ബോട്ടുകൾക്കും മത്സ്യത്തൊഴിലാളികൾക്കും നേരെയുണ്ടായ ആക്രമണവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ. കെഎംഎംഎൽ ഗസ്റ്റ് ഹൗസിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ആക്രമണത്തിൽ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ബോട്ടുകൾക്കും തൊഴിലാളികൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുവരികയാണെന്ന് മന്ത്രി അറിയിച്ചു.

വിഷയത്തിൽ അടിയന്തര ഇടപെടൽ ഉറപ്പാക്കുന്നതിന് ജില്ലാ കളക്ടർ കന്യാകുമാരി ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും. സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും ഇടപെടലുണ്ടാകും. നിയമം കൈയിലെടുക്കുന്ന പ്രവണത അനുവദിക്കില്ല. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് ഒരു കാരണവശാലും അനുവദിക്കില്ലെന്നും അതിനെതിരെ സമഗ്ര നിയമപരിഷ്കരണം കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു. മറൈൻ ഇൻസ്പെക്ടർ എസ്. അരുൺ, എസ്ഐ ഷിഹാസ്, ചവറ സിഐ ശിവലാൽ, കൗൺസിലർമാർ, മത്സ്യ മേഖലയുമായി ബന്ധപ്പെട്ട പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

നിയമസഭാ ലൈബ്രറിയിൽ പുസ്തകപ്രദർശനം

നിയമസഭാ ലൈബ്രറിയുടെ പുസ്തകപ്രദർശനം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും ഭാഗമായാണ് പുസ്തകപ്രദർശനം സംഘടിപ്പിക്കുന്നത്. നവംബർ ഏഴ് വരെ നിയമസഭാ ലൈബ്രറി റഫറൻസ് ഹാളിലാണ് പ്രദർശനം. ഉദ്ഘാടന ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ, ലൈബ്രറി അഡ്വൈസറി കമ്മിറ്റി ചെയർമാൻ വർഗീസ് മാമ്മൻ തുടങ്ങിയവർ പങ്കെടുത്തു. പുസ്തക പ്രദർശനത്തിൽ കേരളപ്പിറവി സംബന്ധിച്ച ഡോക്യുമെന്റുകൾ, ഭരണഭാഷ സംബന്ധിച്ച രേഖകൾ, മലയാള ഭാഷയെ പറ്റിയുള്ള പുസ്തകങ്ങൾ, കവികളുടെ പുസ്തകങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിരിക്കുന്നു.

ജ്യാന്തര സമുദ്രസിമ്പോസിയം ബുധനാഴ്ച മുതൽ കൊച്ചിയിൽ

കാലാവസ്ഥാവ്യതിയാനവും മത്സ്യമേഖലയിലെ വെല്ലുവിളികളും ചർച്ചയാകും

കൊച്ചി: മാറുന്ന കാലാവസ്ഥയും മത്സ്യമേഖലയുടെ ഭാവിയും ചർച്ച ചെയ്യുന്നതിനായി 30 രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധർ പങ്കെടുക്കുന്ന രാജ്യാന്തര സിമ്പോസിയം ബുധനാഴ്ച മുതൽ (നവംബർ നാല്) മുതൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) തുടങ്ങും.

കാലാവസ്ഥ വെല്ലുവിളികൾക്കിടയിൽ സമുദ്ര ആവാസവ്യവസ്ഥയും മത്സ്യബന്ധന മേഖലയും സംരക്ഷിക്കാൻ ഉപഗ്രഹ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് ത്രിദിന ട്രെവർ-സാഫാരി സിമ്പോസിയം ഊന്നൽ നൽകും.

സമുദ്രോപരിതല താപനിലയിലെ വർധനവ്, കാലവർഷത്തിലെ മാറ്റം, ചുഴലിക്കാറ്റ് പോലുള്ള തീവ്രകാലാവസ്ഥാ സംഭവങ്ങൾ, സമുദ്ര ജൈവവൈവിധ്യം എന്നിവ മുതൽ പരമ്പരാഗത കടലറിവുകൾ വരെയുള്ള വിവിധ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

മത്സ്യസമ്പത്ത് കൃത്യമായി മനസ്സിലാക്കുന്നതിനും മുന്നറിയിപ്പുകൾ നൽകുന്നതിനും ഉപഗ്രഹസാങ്കേതിക വിദ്യകളുടെ സാധ്യതകൾ പരിശോധിക്കും. കാലാവസ്ഥാ പ്രതിരോധ മത്സ്യബന്ധനരീതികൾ വികസിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ തയ്യാറാക്കും. മത്സ്യമേഖലയിലെ സ്ത്രീകളുടെ പങ്ക് സാങ്കേതിക സെഷനുകളിൽ ചർച്ചയാകും. ജലാശയ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ ധനസഹായത്തോടെ പ്രത്യേക സെഷനുണ്ടാകും.

സമുദ്ര ശാസ്ത്രജ്ഞർ, കാലാവസ്ഥ-റിമോട് സെൻസിംഗ് വിദഗ്ധർ, ഗവേഷകർ, നയരൂപീകരണ വിദഗ്ധർ തുടങ്ങിയവരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. എൺപതിലേറെ വിദേശ പ്രതിനിധികൾ സിമ്പോസിയത്തിൽ സംസാരിക്കും.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കെമിക്കൽ ഓഷ്യനോഗ്രഫി വകുപ്പ്, ട്രെവർ പ്ലാറ്റ് സയൻസ് ഫൗണ്ടേഷൻ, സിഎംഎഫ്ആർഐ, മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവർ സംയുക്തമായാണ് സിമ്പോസിയം സംഘടിപ്പിക്കുന്നത്.

സിമ്പോസിയത്തിന്റെ ഭാഗമായി നവംബർ ഒന്നിന് ആരംഭിച്ച നാനോ-പോഗോ പ്രോജക്ട് പ്രീ-സിമ്പോസിയം ശിൽപശാലയിൽ 24 രാജ്യങ്ങളിൽ നിന്നുള്ള 31 ഗവേഷകർ പങ്കെടുക്കുന്നുണ്ട്. ജിയോ ബ്ലൂ പ്ലാനറ്റ് വർക്കിങ് ഗ്രൂപ്പിന്റെ റീജണൽ ശിൽപശാലയും ബംഗാൾ ഉൾക്കടൽ കേന്ദ്രീകരിച്ചുള്ള സമുദ്ര ഗവേഷകരുടെ കൂട്ടായ്മയായ 'ബോബ്-നോർ' ശൃംഖലയുടെ ഉദ്ഘാടനവും ചൊവ്വാഴ്ച (നവംബർ 3) നടക്കും.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആദ്യ ഇറക്കുമതി കണ്ടെയ്നർ സ്വീകരണം ഇന്ന്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തിയ ആദ്യ ഇറക്കുമതി കണ്ടെയ്നറിന്റെ സ്വീകരണം നവംബർ മൂന്ന് വൈകിട്ട് 5.30 ന് എം വിൻസന്റ് എംഎൽഎ നിർവഹിക്കും. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജെറോമിക് ജോർജ് പങ്കെടുക്കും.


എം.എസ്.സി സബ്രിന 111 കപ്പലിലാണ് ചൈനയിലെ നിങ്ബോയിൽ നിന്ന് ബുക്ക് ചെയ്ത കണ്ടെയ്നർ വിഴിഞ്ഞത്തെത്തുന്നത്. ഇറക്കുമതി സൗകര്യം ആരംഭിക്കുന്നതോടെ ചരക്കുകൾ വിഴിഞ്ഞത്ത് നേരിട്ട് ഇറക്കി കസ്റ്റംസ് നടപടികൾ പൂർത്തിയാക്കി സംസ്ഥാനത്തെ വിപണികളിലെത്തിക്കാനാകും. ഇതുവഴി മറ്റ് തുറമുഖങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യവും ചരക്കുനീക്കത്തിനുള്ള സമയവും ചെലവും കുറയും. ചരക്ക് കൈകാര്യം ചെയ്യൽ, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിലെ വരുമാനം സംസ്ഥാനത്ത് നിലനിർത്താനും സാധിക്കും.

കസ്റ്റംസ് ബ്രോക്കർമാർ, ഫ്രൈറ്റ് ഫോർവേഡർമാർ, ട്രാൻസ്പോർട്ടർമാർ, വെയർഹൗസ് നടത്തിപ്പുകാർ, തുറമുഖ തൊഴിലാളികൾ തുടങ്ങിയ മേഖലകളിൽ തിരുവനന്തപുരത്തും തെക്കൻ ജില്ലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പുതിയ സൗകര്യം വഴിയൊരുക്കും.

ട്രാൻസ്ഷിപ്മെന്റ് പ്രവർത്തനങ്ങൾക്കപ്പുറം കേരളത്തിലെ ഇറക്കുമതിക്കാർക്ക് നേരിട്ട് സേവനം നൽകുന്ന തുറമുഖമെന്ന നിലയിലേക്കുള്ള വിഴിഞ്ഞതിന്റെ സുപ്രധാന ചുവടുവയ്പാണിത്.



മകൾക്കൊപ്പം പദ്ധതിയുടെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ദ്വിദിന പുതുയുഗ കേരളം ഹെർ സമ്മിറ്റ് 2026 മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ ബിന്ദു കൃഷ്ണയും കെ എ തുളസിയും സമീപം.



എൻസിപിയിൽ ഭിന്നതയില്ല, ലയന ചർച്ചകൾ അവസാനിച്ചു: വാർത്തകൾ തള്ളി സുനിൽ തട്കരെ

മുംബൈ: അജിത് പവാർ വിഭാഗം എൻസിപിയിൽ ആഭ്യന്തര ഭിന്നത രൂക്ഷമാണെന്ന വാർത്തകൾ തള്ളി സംസ്ഥാന അധ്യക്ഷൻ സുനിൽ തട്കരെ. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുമായുള്ള ഡൽഹി കൂടിക്കാഴ്ച മുൻകൂട്ടി നിശ്ചയിച്ചതാണെന്നും പാർട്ടി നേതാക്കളെല്ലാം ഒറ്റക്കെട്ടാണെന്നും അദ്ദേഹം വ്യക്തമാക്കി.

ശരദ് പവാർ വിഭാഗവുമായി പാർട്ടി ലയിക്കുമെന്ന പ്രചാരണങ്ങൾ അവസാനിച്ചതായും നേതാക്കൾ വ്യക്തമാക്കി. ആഭ്യന്തര തർക്കങ്ങൾക്കിടയിൽ പാർട്ടി എംഎൽഎമാരുടെ അടിയന്തര യോഗവും സുനേത്ര പവാർ വിളിച്ചുചേർത്തിട്ടുണ്ട്.

എൻസിപിയുടെ രണ്ട് വിഭാഗങ്ങളും ലയിച്ച് എൻഡിഎ സഖ്യത്തിൽ തുടരണമെന്ന നിർദേശം ഉയർന്നുവെങ്കിലും, ശരദ് പവാർ വിഭാഗവുമായി ലയിക്കുന്ന പ്രശ്നമേയില്ലെന്ന് സുനേത്ര പവാറിൻറെ നേതൃത്വത്തിൽ ചേർന്ന പാർട്ടി കോർ കമ്മിറ്റി യോഗം തീരുമാനിച്ചു.

എൻസിപിയിലെ ആഭ്യന്തര തർക്കങ്ങൾ മഹായുതി സർക്കാരിൻറെ പ്രവർത്തനങ്ങളെ ബാധിക്കുന്നതിൽ ബിജെപി നേതൃത്വം ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. പ്രശ്നങ്ങൾ ഉടൻ പരിഹരിക്കണമെന്ന് അമിത് ഷാ നേതാക്കളോട് ആവശ്യപ്പെട്ടു.

സുനേത്ര പവാറിൻറെ പ്രവർത്തന രീതിയിൽ പാർട്ടിക്കുള്ളിലെ എംഎൽഎമാർക്കിടയിൽ അതൃപ്തിയുണ്ട്. മുതിർന്ന നേതാക്കളെ ബഹുമാനിച്ച് മുന്നോട്ട് പോകണമെന്ന് യോഗത്തിൽ നിർദേശം ഉയർന്നതോടെ, മുതിർന്നവരുമായി ഏകോപിച്ച് പ്രവർത്തിക്കാമെന്ന് സുനേത്ര പവാറും ഉറപ്പുനൽകി. അജിത് പവാർ കൈകാര്യം ചെയ്തിരുന്ന ധനകാര്യ വകുപ്പ് സുനേത്ര പവാറിന് നൽകാതെ മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് ഏറ്റെടുത്തതിൽ എൻസിപിക്ക് അമർഷമുണ്ട്.

പാർട്ടി ശക്തിപ്പെടുത്തുന്നതിനും ഭാവി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായാണ് യോഗങ്ങൾ ചേരുന്നതെന്നും പാർട്ടി നിയമനങ്ങളിലോ മറ്റ് വിഷയങ്ങളിലോ യാതൊരുവിധ അസംതൃപ്തിയുമില്ലെന്നും സുനിൽ തട്കരെ കൂട്ടിച്ചേർത്തു.

ബെംഗളൂരുവിൽ ഐടി പാർക്കുകളിലേക്ക് ഇരച്ചുകയറി കന്നഡ അനുകൂല സംഘടനകൾ; പ്രാദേശിക സംവരണം ആവശ്യപ്പെട്ട് പ്രതിഷേധം

ബെംഗളൂരു: സ്വകാര്യ സ്ഥാപനങ്ങളിലും ഐടി കമ്പനികളിലും കന്നഡിഗർക്ക് തൊഴിൽ മുൻഗണന നൽകണമെന്ന് ആവശ്യപ്പെട്ട് കന്നഡ അനുകൂല സംഘടനകൾ ബെംഗളൂരുവിലെ പ്രധാന ഐടി പാർക്കുകളിലേക്ക് പ്രചാരണവുമായി എത്തി. കർണാടക രക്ഷന വേദികെയുടെ നേതൃത്വത്തിലാണ് നവംബർ ഒന്ന് കന്നഡ രാജ്യോത്സവ ദിനം മുതൽ ഒരു മാസം നീണ്ടുനിൽക്കുന്ന സംസ്ഥാനതല പ്രചാരണത്തിന് തുടക്കമിട്ടത്.

കമ്പനികളിലേക്ക് നേരിട്ട് സന്ദർശനം നടത്തരുതെന്നും വിഷയം നിയമപരമായി പരിഹരിക്കാമെന്നും ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ അഭ്യർഥിച്ചിരുന്നെങ്കിലും, ഇത് അവഗണിച്ച് കെആർവി പ്രവർത്തകർ വിവിധ കമ്പനികളുടെ മാനേജ്മെൻറിന് നിവേദനങ്ങൾ സമർപ്പിച്ചു.

സംസ്ഥാനത്തെ അടിസ്ഥാന സൗകര്യങ്ങളും വിഭവങ്ങളും ഉപയോഗപ്പെടുത്തുന്ന കമ്പനികൾ തദ്ദേശീയർക്ക് അർഹമായ തൊഴിലവസരങ്ങൾ നൽകണം. കഴിഞ്ഞ മൂന്ന് വർഷത്തെ നിയമന വിവരങ്ങൾ, കർണാടകയിൽ നിന്നുള്ള ജീവനക്കാരുടെ എണ്ണം, തദ്ദേശീയരായ ഉദ്യോഗാർഥികൾക്കായി നടപ്പിലാക്കിയ നൈപുണ്യ വികസന പദ്ധതികൾ എന്നിവയുടെ വിവരങ്ങൾ നൽകണമെന്നും നിവേദനത്തിൽ ആവശ്യപ്പെടുന്നു.

സി.വി. രാമൻ നഗറിലെ ബാഗ്മനെ ടെക് പാർക്ക്, കെ.ആർ. പുരത്തെ ഹ്യൂലറ്റ് പാക്കാർഡ് എൻറർപ്രൈസ്, അലി അസ്കർ റോഡിലെ എക്സിക്യൂട്ടീവ് സെൻറർ ഇന്ത്യ ലിമിറ്റഡ് തുടങ്ങി നിരവധി സ്ഥാപനങ്ങളിൽ കെആർവി പ്രതിനിധികൾ നിവേദനം നൽകി. പ്രശ്നങ്ങൾ ചർച്ചകളിലൂടെയും നിയമപരമായ വഴികളിലൂടെയും പരിഹരിക്കുമെന്നും, കമ്പനികൾക്ക് നേരെ നേരിട്ട് പ്രതിഷേധത്തിന് മുതിരരുതെന്നും സർക്കാർ ആവശ്യപ്പെട്ടു.

തൊഴിൽ നിയമനങ്ങളിൽ നടക്കുന്ന വിവേചനം അവസാനിപ്പിക്കാനും പ്രാദേശിക ഉദ്യോഗാർഥികൾക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കാനുമാണ് ഈ പ്രചാരണമെന്ന് സംഘടന വ്യക്തമാക്കി.

പ്രചാരണത്തിൻറെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾ സർക്കാരിനും കമ്പനികൾക്കും മുന്നിൽ ഉന്നയിക്കാനാണ് കെആർവിയുടെ തീരുമാനം.

മൊബൈൽ ഫോൺ എറിഞ്ഞുടച്ചു; അച്ഛനെ തലയ്ക്കടിച്ചും കുത്തിയും കൊലപ്പെടുത്തി മകൾ

സൂറത്ത്: മൊബൈൽ ഫോണുമായി ബന്ധപ്പെട്ട തർക്കത്തിനിടെ പിതാവിനെ കൊലപ്പെടുത്തി യുവതി. ഗുജറാത്തിലെ സൂറത്തിലാണ് സംഭവം. അമ്രോലി പൊലിസ് സ്റ്റേഷൻ പരിധിയിലെ രമേഷ്സിൻഹ് കൈലാഷ്സിൻഹ് രാജ്പുത് ആണ് കൊല്ലപ്പെട്ടത്.

സംഭവത്തെ തുടർന്ന് മകൾ കാജലിനെ പൊലിസ് അറസ്റ്റ് ചെയ്തു. വീട്ടുജോലികളെച്ചൊല്ലി അച്ഛനും മകളും തമ്മിൽ തർക്കമുണ്ടായി. പിന്നാലെ പിതാവ് മകളുടെ മൊബൈൽ ഫോൺ പിടിച്ചുവാങ്ങി നിലത്തേക്ക് എറിഞ്ഞു.

ഇതോടെ കാജൽ കുക്കറിൻറെ അടപ്പുപയോഗിച്ച് പിതാവിൻറെ തലയ്ക്ക് പലതവണ അടിക്കുകയും അടുക്കളയിലെ കത്തിയുപയോഗിച്ച് വയറ്റിൽ കുത്തുകയും ചെയ്തു. ഗുരുതരമായി പരിക്കേറ്റ രമേഷ്സിൻഹ് വീടിന് പുറത്തേക്ക് നടന്നെങ്കിലും അൽപദൂരം പിന്നിട്ടതോടെ കുഴഞ്ഞുവീണു.

കുടുംബാംഗങ്ങൾ വിവരം അറിയിച്ചതിനെ തുടർന്ന് ആംബുലൻസ് സർവീസ് സ്ഥലത്തെത്തിയെങ്കിലും രമേഷ്സിൻഹിൻറെ മരണം സ്ഥിരീകരിക്കുകയായിരുന്നു. പൊലിസ് അറസ്റ്റ് ചെയ്ത കാജൽ നിലവിൽ ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

ഗണവേഷം ധരിച്ച് ആർഎസ്എസ് മാർച്ചിൽ പങ്കെടുത്ത് സോഹോ സ്ഥാപകൻ ശ്രീധർ വെമ്പു

ചെന്നൈ: ആർഎസ്എസിൻറെ പരമ്പരാഗത ഗണവേഷമായ വെളുത്ത ഷർട്ടും കാക്കി പാൻറും ധരിച്ച് റൂട്ട് മാർച്ചിൽ പങ്കെടുത്ത് സോഹോ സ്ഥാപകനും ശതകോടീശ്വരനുമായ ശ്രീധർ വെമ്പു. തമിഴ്നാട്ടിലെ തെങ്കാശി ജില്ലയിലെ ശങ്കരൻ കോവിലിൽ നടന്ന മാർച്ചിലാണ് അദ്ദേഹം പങ്കെടുത്തത്. ബിജെപി നേതാവ് അനന്തൻ അയ്യസാമിയാണ് ശ്രീധർ വെമ്പു മാർച്ചിൽ പങ്കെടുത്തതിൻറെ ചിത്രങ്ങൾ എക്സിൽ പങ്കുവെച്ചത്.

ആർഎസ്എസ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി തമിഴ്നാട്ടിലുടനീളം നടക്കുന്ന രണ്ടാം ഘട്ട ഘോഷയാത്രയുടെ ഭാഗമായിരുന്നു ഈ റൂട്ട് മാർച്ച്. ഒക്ടോബർ 25, നവംബർ ഒന്ന് തീയതികളിൽ തമിഴ്നാട്ടിലെ വിവിധ ജില്ലകളിൽ മാർച്ച് നടത്താൻ മദ്രാസ് ഹൈക്കോടതി അനുമതി നൽകിയിരുന്നു. പ്രാദേശിക പൊലിസിൻറെ കർശന നിർദേശങ്ങളും ഉപാധികളും പാലിച്ചാണ് ചടങ്ങുകൾ സംഘടിപ്പിച്ചത്.

റൂട്ട് മാർച്ചിൽ പൂർണ സമയം പങ്കെടുത്ത ശ്രീധർ വെമ്പു അതിനുശേഷം നടന്ന പൊതുസമ്മേളനത്തിൽ സംസാരിക്കുകയും ചെയ്തു. ആത്മനിർഭരതയെക്കുറിച്ചും (സ്വയംപര്യാപ്തത) രാഷ്ട്രനിർമാണത്തിൽ യുവാക്കൾ വഹിക്കേണ്ട പങ്കിനെക്കുറിച്ചും അദ്ദേഹം തൻറെ പ്രസംഗത്തിൽ ഓർമിപ്പിച്ചു.

നേരത്തെ ആർഎസ്എസിന് റൂട്ട് മാർച്ച് നടത്താൻ പ്രാദേശിക പൊലിസ് അനുമതി നിഷേധിച്ചിരുന്നെങ്കിലും, സംഘടന മദ്രാസ് ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്നാണ് ജസ്റ്റിസ് വി. ലക്ഷ്മി നാരായണൻറെ ബെഞ്ച് ഉപാധികളോടെ അനുമതി നൽകിയത്. 2022 മുതൽ തങ്ങൾക്ക് നേരിടേണ്ടി വന്ന വിലക്കുകൾ ചൂണ്ടിക്കാണിച്ചാണ് ആർഎസ്എസ് കോടതിയെ സമീപിച്ചത്.

അയോധ്യ രാമക്ഷേത്ര സംഭാവനക്കൊള്ള; സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജികൾ തീർപ്പാക്കി

ന്യൂഡൽഹി: അയോധ്യ രാമക്ഷേത്രത്തിലെ സംഭാവനക്കൊള്ളയുമായി ബന്ധപ്പെട്ടു സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജികൾ സുപ്രീംകോടതി തീർപ്പാക്കി.

കേസിൽ കുറ്റപത്രം സമർപ്പിച്ചതായി ഉത്തർപ്രദേശ് സർക്കാർ അറിയിച്ചതിനെത്തുടർന്നാണ് ചീഫ് ജസ്റ്റീസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചിൻറെ നടപടി.

കുറ്റപത്രം പരിശോധിച്ച് മജിസ്ട്രേറ്റിന് നിയമപ്രകാരം മുന്നോട്ടുപോകാമെന്നും പൊതുതാത്പര്യം മുൻനിർത്തി വിചാരണസമയത്തു മജിസ്ട്രേറ്റിനെ സഹായിക്കാൻ ഹർജിക്കാർക്ക് അനുവാദമുണ്ടെന്നും കോടതി വ്യക്തമാക്കി.

സംഭാവനയായി ലഭിച്ച പണം എണ്ണുന്ന ഘട്ടത്തിലാണു പ്രധാനമായും മോഷണം നടന്നതെന്നും പ്രതികൾ പണം തട്ടിയെടുത്ത് വസ്തുവകകളിൽ നിക്ഷേപിച്ചതായും സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയെ അറിയിച്ചു.

തീർഥാടകസഹായ കേന്ദ്രത്തിലെ സംഭാവന എണ്ണുന്ന മുറിയിൽനിന്ന് 105 തവണ അനധികൃതമായി പണം മാറ്റിയതായി പ്രത്യേക അന്വേഷണസംഘം കണ്ടെത്തിയിരുന്നു. തുടർന്ന് എട്ടു പ്രതികൾക്കെതിരേ സെപ്റ്റംബർ 23ന് അയോധ്യയിലെ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു. സംഭവത്തിൽ ആരോപണങ്ങളുടെ മെറിറ്റിൽ കോടതി അഭിപ്രായമൊന്നും പ്രകടിപ്പിച്ചിട്ടില്ലെന്നും കേസ് ഇനി വിചാരണക്കോടതിയിൽ നിയമപരമായ വഴിയിലൂടെ മുന്നോട്ടുപോകുമെന്നും സുപ്രീംകോടതി വ്യക്തമാക്കി.

നിരക്ക് കൂടുതലെങ്കിൽ വിമാനത്തിൽ പോകേണ്ട: സുപ്രീംകോടതി

ന്യൂഡൽഹി: ഉത്സവസീസണുകളിലെ ഉയർന്ന വിമാന ടിക്കറ്റ് നിരക്കിനെതിരേയുള്ള ഹർജി അടിയന്തരമായി പരിഗണിക്കില്ലെന്നു സുപ്രീംകോടതി.

ടിക്കറ്റ് നിരക്ക് കൂടുതലാണെങ്കിൽ വിമാനത്തിൽ യാത്ര ചെയ്യേണ്ടതില്ലെന്നും ജസ്റ്റീസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ച് വാക്കാൽ പരാമർശിച്ചു.

ഉത്സവസീസണിലും വർഷാവസാന സീസണിലും ആഭ്യന്തര വിമാന സർവീസുകളുടെ നിരക്കിനു പരിധി നിശ്ചയിക്കാൻ സർക്കാരിനു നിർദേശം നൽകണമെന്നും നിലവിലെ നിരക്കുകൾ താത്കാലികമായി നിയന്ത്രിക്കാൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ടുള്ള ഹർജി തള്ളിക്കൊണ്ടായിരുന്നു കോടതിയുടെ ഈ നില പാട്.

സാധാരണ നിരക്കിൻറെ 700 ശതമാനത്തോളം വർധനയാണ് നിലവിൽ ടിക്കറ്റുകൾക്കുള്ളതെന്നും ട്രെയിൻ ടിക്കറ്റുകൾ ലഭ്യമല്ലാത്തതിനാൽ യാത്രക്കാർ കൊള്ളവില നൽകാൻ നിർബന്ധിതരാകുകയാണെന്നും ഹർജിക്കാരൻ കോടതിയിൽ ചൂണ്ടിക്കാട്ടി. എന്നാൽ, വിഷയം അടിയന്തരമായി പരിഗണിക്കാൻ കോടതി വിസമ്മതിക്കുകയായിരുന്നു.

വിമാനടിക്കറ്റ് നിരക്കിനു കടിഞ്ഞാൺ; അടിയന്തര സാഹചര്യങ്ങളിൽ സർക്കാരിന് ഇടപെടാൻ പുതിയ ചട്ടം

ന്യൂഡൽഹി: വിമാന ടിക്കറ്റ് നിരക്കുകൾ കുത്തനെ ഉയർന്നാൽ അടിയന്തരഘട്ടങ്ങളിൽ ഇടപെടാൻ കേന്ദ്ര സർക്കാരിന് അധികാരം നൽകുന്ന പുതിയ ചട്ടങ്ങൾ നിലവിൽ വന്നു.

'ഭാരതീയ വായുയാൻ നിയമം 2026'ലെ ചട്ടങ്ങൾ പ്രകാരമാണ് പുതിയ പരിഷ്കാരം. അസാധാരണ സാഹചര്യങ്ങളിൽ സർക്കാരിൻറെ ഇടപെടൽ ആവശ്യമെന്നു കരുതുന്നപക്ഷം വിമാനക്കമ്പനികൾക്കു നിരക്കുകൾ സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ നൽകാൻ കേന്ദ്രത്തിനു സാധിക്കും. എന്നാൽ, ഒരു നിശ്ചിത കാലയളവിലേക്കു മാത്രമായിരിക്കും സർക്കാരിന് ഇത്തരം നിർദേശങ്ങൾ പുറപ്പെടുവിക്കാനാകുക.

2027 ജനുവരി ഒന്നിന് പുതിയ ചട്ടം പ്രാബല്യത്തിൽ വരും. അതേസമയം, 'അസാധാരണ സാഹചര്യം' എന്താണെന്നു ചട്ടത്തിൽ വ്യക്തമായി നിർവചിച്ചിട്ടില്ല. മുന്പ് പശ്ചിമേഷ്യൻ പ്രതിസന്ധി നിലനിന്നിരുന്ന സമയത്തു വിമാന ടിക്കറ്റ് നിരക്ക് അനിയന്ത്രിതമായി ഉയർന്നപ്പോൾ നിരക്ക് നിയന്ത്രിക്കാൻ കേന്ദ്രസർക്കാർ ചില നിർദേശങ്ങൾ നൽകിയിരുന്നു.

ഉത്സവസീസണുകളിൽ ആഭ്യന്തര വിമാന ടിക്കറ്റ് നിരക്കിൽ വലിയ വർധനവുണ്ടാകുന്നത് സുപ്രീംകോടതിയുടെ പരിഗണനയ്ക്കു വരെ എത്തി. ഇതിനു പിന്നാലെയാണ് പ്രത്യേക സാഹചര്യങ്ങളിൽ മാത്രം സർക്കാരിന് ഇടപെടാമെന്നു വ്യക്തമാക്കി ഒക്ടോബർ 31ന് കേന്ദ്രസർക്കാർ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചത്. അടുത്ത വാദംകേൾക്കലിൽ പുതിയ ചട്ടത്തെക്കുറിച്ച് കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ വിശദീകരിക്കും.

പ്രവർത്തനച്ചെലവ് പരിശോധിച്ചു വേണം ടിക്കറ്റ് നിരക്കുകൾ നിശ്ചയിക്കാനെന്നും താരിഫ് വിവരങ്ങൾ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിലിയൻ ഏവിയേഷനു (ഡിജിസിഎ) സമർപ്പിക്കണമെന്നും പുതിയ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ബുക്കിംഗ് വേളയിലും ടിക്കറ്റിലും യാത്രക്കാർ നൽകേണ്ട ആകെ തുക വ്യക്തമായി പ്രദർശിപ്പിക്കണം.

അടിസ്ഥാനനിരക്ക്, നികുതികൾ, ഫീസുകൾ എന്നിവയുടെ വിവരങ്ങൾ പ്രത്യേകമായി നൽകണമെന്നും നിർദേശമുണ്ട്. വിപണിയിലെ സാഹചര്യങ്ങൾക്കനുസരിച്ച് ടിക്കറ്റ് വില നിശ്ചയിക്കാൻ എയർലൈനുകൾക്ക് പൂർണ അനുമതി നൽകിയിരുന്ന മുൻകാല നിയമങ്ങൾക്കു പകരമാണ് അടിയന്തര സാഹചര്യങ്ങളിൽ ഇടപെടാൻ സർക്കാരിന് അധികാരം നൽകുന്ന പുതിയ ചട്ടംകൂടി എത്തിയിരിക്കുന്നത്.

ബൈക്ക്മോഷണം: യുവാവ് പിടിയിൽ

പാലോട്: രാത്രിയിൽ മോഷ്ടിച്ച ബൈക്കുമായി കടന്ന പ്രതിയെ പാലോട് പൊലിസ് പിടികൂടി. തെന്നൂർ ചെറ്റച്ചൽ പൊട്ടൻചിറ കുറുങ്ങണംകോണത്ത് വീട്ടിൽ വിഷ്ണുവിനെയാണ് പൊലിസ് അറസ്റ്റ് ചെയ്തത്.

പൊട്ടൻചിറ സ്വദേശിയുടെ വീടിനു സമീപം നിർത്തിയിട്ടിരുന്ന ബൈക്കാണ് മോഷ്ടിക്കപ്പെട്ടത്. പരാതിയുടെ അടിസ്ഥാനത്തിൽ നടത്തി അന്വേഷണത്തിൽ ചടയമംഗലത്തുനിന്നാണു പ്രതിയെ പിടികൂടിയത്. കാപ്പ നിയമപ്രകാരം കരുതൽ തടങ്കലിൽ കഴിഞ്ഞിട്ടുള്ള വിഷ്ണു പാലോട്, വിതുര, നെടുമങ്ങാട്, പള്ളിക്കൽ, പാങ്ങോട്, കടയ്ക്കൽ എന്നീ പൊലിസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്ത നിരവധി ബൈക്ക് മോഷണക്കേസുകളിലെ പ്രതിയാണ്.

വിശാഖപട്ടണം ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൻറെ റിഫൈനറിയിൽ തീപിടിത്തം

വിശാഖപട്ടണം: ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്തുള്ള ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൻറെ മലകാപുരം റിഫൈനറിയിൽ തീപിടിത്തം. തിങ്കളാഴ്ച രാത്രി 10-നാണ് റിഫൈനറിയിലെ സൾഫർ യൂണിറ്റിലെ പിച്ച് ടാങ്കിന് സമീപം തീപിടിത്തമുണ്ടായത്. സംഭവത്തിൽ ആർക്കും പരിക്കേറ്റിട്ടില്ല.

തീപിടിത്തം ഉണ്ടായ ഉടൻതന്നെ കമ്പനിയുടെ ഫയർ ആൻഡ് സേഫ്റ്റി ടീം സജീവമാവുകയും അടിയന്തര പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. തീ പിച്ച് ടാങ്ക് ഏരിയയിൽ മാത്രം ഒതുങ്ങിനിന്നതായും ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞതായും അധികൃതർ അറിയിച്ചു. റിഫൈനറിയിലെ മറ്റ് യൂണിറ്റുകളെല്ലാം സുരക്ഷിതമായി പ്രവർത്തിക്കുന്നുണ്ടെന്നും കമ്പനി വ്യക്തമാക്കി.റിഫൈനറിയിലെ സൾഫർ യൂണിറ്റിൽ ഉത്പാദിപ്പിക്കുന്ന 'സൾഫർ പിച്ച്' എന്ന വസ്തുവാണ് തീപിടിത്തത്തിന് കാരണമെന്ന് പൊലിസ് പറഞ്ഞു. തീപിടിത്തത്തിന് തൊട്ടുമുമ്പ് ചെറിയൊരു സ്ഫോടനം ഉണ്ടായിരുന്നു. റിഫൈനറിയിലെ സുരക്ഷാ സംവിധാനങ്ങളും ആന്ധ്രാപ്രദേശ് ഫയർ വിഭാഗത്തിൻറെ സഹായവും ഉപയോഗിച്ചാണ് തീ പൂർണമായും അണച്ചത്. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

53,866 കോടിയുടെ പ്രതിരോധ കരാർ

ന്യൂഡൽഹി: നാവികസേനയ്ക്കായി പുതുതലമുറയിൽപ്പെടുന്ന എട്ട് അത്യാധുനിക കോർവെറ്റുകൾ (യുദ്ധക്കപ്പൽ) നിർമിക്കുന്നതിനുള്ള കരാറുകളിൽ പ്രതിരോധ മന്ത്രാലയം ഒപ്പുവച്ചു.ആത്മനിർഭർ ഭാരതിൻറെ (സ്വയംപര്യാപ്ത ഇന്ത്യ) ഭാഗമായി തദ്ദേശീയമായി ത്തന്നെ കപ്പലുകൾ നിർമിക്കാൻ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആൻഡ് എൻജിനിയേഴ്സ് ലിമിറ്റഡ് (ജിആർഎസ്ഇ), ഗോവ ഷിപ്പ് യാർഡ് ലിമിറ്റഡ് (ജിഎസ്എൽ) എന്നിവരുമായാണു 53,866.50 കോടി രൂപയുടെ കരാറിൽ ഒപ്പുവച്ചത്.ഡൽഹിയിലെ കർത്തവ്യ ഭവൻ രണ്ടിൽ നടന്ന ചടങ്ങിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗിൻറെ സാന്നിധ്യത്തിലാണ് കരാറുകൾ ഒപ്പുവച്ചത്. അത്യാധുനിക മിസൈലുകൾ, ആയുധങ്ങൾ, സങ്കീർണമായ സെൻസർ സംവിധാനങ്ങൾ എന്നിവയാൽ സജ്ജീകരിക്കുന്നതാണ് പുതുതലമുറ കോർവെറ്റുകൾ.

ഡിഎംകെ കൗൺസിലർക്ക് മുൻകൂർ ജാമ്യം: 'വിമർശനങ്ങളും അധിക്ഷേപങ്ങളും അഭിപ്രായ സ്വാതന്ത്ര്യത്തിൻെറ ഭാഗമെന്ന് ഹൈക്കോടതി

ചെന്നൈ: തമിഴ്നാട് മുഖ്യമന്ത്രി വിജയിക്കെതിരെ അപകീർത്തികരമായ പരാമർശം നടത്തിയെന്ന കേസിൽ ഡിഎംകെ കൗൺസിലർ ഡി. സുധയ്ക്ക് മദ്രാസ് ഹൈക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചു. ജനപ്രതിനിധികളും ഉയർന്ന പദവികൾ വഹിക്കുന്നവരും രൂക്ഷമായ വിമർശനങ്ങളും പരിഹാസങ്ങളും നേരിടാൻ തയ്യാറാകണമെന്ന നിരീക്ഷണത്തോടെയായിരുന്നു കോടതി വിധി.

അക്രമത്തിനോ ക്രമസമാധാന പ്രശ്നങ്ങൾക്കോ വഴിവെക്കാത്ത രാഷ്ട്രീയം പറച്ചിലുകളെ അറസ്റ്റ് ഭീഷണി മുഴക്കി അടിച്ചമർത്താൻ പൊലിസിന് അവകാശമില്ലെന്ന് 16 പേജുള്ള ഉത്തരവിൽ കോടതി വ്യക്തമാക്കി. ഒക്ടോബർ ഏഴിന് ചെന്നൈ രാജാ അണ്ണാമലൈ മൺട്രത്തിൽ നടന്ന പാർട്ടി യോഗത്തിൽ മുഖ്യമന്ത്രി വിജയിക്കെതിരെ മോശം പരാമർശം നടത്തി എന്നാരോപിച്ചാണ് ഗ്രേറ്റർ ചെന്നൈ കോർപ്പറേഷനിലെ 95-ാം വാർഡ് കൗൺസിലറായ സുധയ്ക്കെതിരെ ടിവികെ പ്രവർത്തകൻ പരാതി നൽകിയത്.

ഭാരതീയ ന്യായ സംഹിതയിലെ വിവിധ വകുപ്പുകൾ പ്രകാരമാണ് പൊലിസ് കേസെടുത്തത്.ജാമ്യം നൽകുന്നതിന് വ്യവസ്ഥയായി പ്രതിപക്ഷ നേതാക്കൾക്കോ ഭരണാധികാരികൾക്കോ എതിരായി സംസാരിക്കരുതെന്ന് വിലക്കേർപ്പെടുത്താൻ സാധിക്കില്ല. അത് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തെ തടയുന്നതിന് തുല്യമാണെന്നും കോടതി പറഞ്ഞു. താൻ നടത്തിയ പരാമർശങ്ങളിൽ സുധ ഖേദം പ്രകടിപ്പിക്കുകയും മാപ്പ് പറയുകയും ചെയ്തിട്ടുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി.

25,000 രൂപയുടെ ബോണ്ടിലും രണ്ട് ആൾജാമ്യത്തിലുമാണ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചത്. അടുത്ത ഉത്തരവ് ഉണ്ടാകുന്നതുവരെ ദിവസവും രാവിലെ പൊലിസിന് മുന്നിൽ ഹാജരാകാനും കോടതി നിർദേശിച്ചിട്ടുണ്ട്.

ബംഗാളിൽ പള്ളിക്കുനേരേ ആക്രമണം; വൈദികർക്കും വിശ്വാസികൾക്കും പരിക്ക്

കോൽക്കത്ത: ബംഗാളിൽ കൂദാശാകർമങ്ങൾക്കിടെ പള്ളിക്കുനേരേ ആക്രമണം. സൗത്ത് 24 പർഗാനാസ് ജില്ലയിലെ നാരായൺതാല ഗ്രാമത്തിൽ പുതുതായി നിർമിച്ച സിഎൻഐ പള്ളിയുടെ കൂദാശാ കർമങ്ങൾക്കിടെ ശനിയാഴ്ചയാണ് ഒരുസംഘമാളുകൾ ക്രൂരമായ ആക്രമണം അഴിച്ചുവിട്ടത്.

ചർച്ച് ഓഫ് നോർത്ത് ഇന്ത്യ (സിഎൻഐ) ബാരക്പുർ ബിഷപ് സുബ്രതോ ചക്രവർത്തി, വൈദികർ, സ്ത്രീകളും കുട്ടികളും അടക്കമുള്ള വിശ്വാസികൾ എന്നിവർ പങ്കെടുത്ത ചടങ്ങിലേക്ക് മുപ്പതോളംവരുന്ന അക്രമിസംഘം അതിക്രമിച്ചു കയറുകയായിരുന്നു.

ബിഷപ്പിൻറെ കാർമികത്വത്തിൽ നടന്ന ചടങ്ങ് അക്രമികൾ തടസപ്പെടുത്തുകയും പള്ളിവളപ്പിൽ നാശനഷ്ടങ്ങൾ വരുത്തുകയും കുരിശ് തകർക്കുകയും ചെയ്തു. തടയാൻ ശ്രമിച്ച വൈദികരെയും വിശ്വാസികളെയും ക്രൂരമായി മർദിച്ചു.

ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ പകർത്താൻ ശ്രമിച്ചവരുടെ ഫോണുകൾ തകർത്തതായി പൊലിസ് പറഞ്ഞു. സ്ത്രീകൾക്കു നേരേയും ആക്രമണമുണ്ടായി. ഇനിയിവിടെ ഒരുവിധത്തിലുള്ള മതപരമായ ചടങ്ങുകളും നടത്താൻ അനുവദിക്കില്ലെന്ന് ഭീഷണിപ്പെടുത്തിയതായും വിശ്വാസികൾ പറഞ്ഞു.

സംഭവത്തിൽ പൊലിസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ആക്രമണത്തെ ക്രിസ്ത്യൻ സംഘടനയായ 'ബംഗീയ ക്രിസ്തീയ പരിസേബ' (ബിസിപി) ശക്തമായി അപലപിച്ചു. ന്യൂനപക്ഷ സമുദായത്തെ ഭയപ്പെടുത്താനുള്ള ശ്രമമാണ് ഇതിനു പിന്നിലെന്ന് അവർ ആരോപിച്ചു.

ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലും സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ സമാന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ന്യൂനപക്ഷങ്ങൾക്കു നേരേ വർധിച്ചുവരുന്ന ആക്രമണങ്ങളിൽ ആശങ്കയുണ്ടെന്നും എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പറഞ്ഞു. ആക്രമണത്തിനു പിന്നിൽ പ്രവർത്തിച്ചവർക്കെതിരേ ശക്തമായ നടപടി വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

പശ്ചിമബംഗാളിലെതന്നെ ബുർദ്വാനിലെ ട്രൂ ലൈറ്റ് ഹാർവെസ്റ്റേഴ്സ് പെന്തക്കോസ്ത് പള്ളിയിൽ ഞായറാഴ്ച നടന്ന പ്രാർഥനയ്ക്കിടയിലും അറുപതോളം വരുന്ന സംഘം ആക്രമണം നടത്തി. പ്രാർഥനയ്ക്കു നേതൃത്വം നൽകിയ പാസ്റ്റർ ഷട്ടു ദാസിന് ഗുരുതരമായി പരിക്കേറ്റു.

ആറു മാസത്തിനിടെ സംസ്ഥാനത്ത് ക്രിസ്ത്യൻ സമൂഹത്തിനെതിരേ 26 ആക്രമണ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ബംഗീയ ക്രിസ്തീയ പരിസേബ ജനറൽ സെക്രട്ടറി ഹെരോദ് മല്ലിക് ചുണ്ടിക്കാട്ടി.

വനിതാനയം വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കും; സ്ത്രീകൾക്കെതിരായ സൈബർ ആക്രമണങ്ങൾ തടയാൻ പ്രത്യേക നിയമനിർമ്മാണം: മുഖ്യമന്ത്രി വി ഡി സതീശൻ

ദ്വിദിന പുതുയുഗ വനിതാനയം ഹെർ സമ്മിറ്റ് 2026 ന് തുടക്കം

സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കിയുള്ള മാതൃകാ വനിതാനയം വിട്ടുവീഴ്ചയില്ലാതെ ഇച്ഛാശക്തിയോടെ സംസ്ഥാനത്ത് നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. പൊതുവിടങ്ങളിലും തൊഴിലിടങ്ങളിലും വീടുകളിലും സ്ത്രീകൾ നേരിടുന്ന അക്രമങ്ങളിൽ നിന്നും അപമാനങ്ങളിൽ നിന്നും പൂർണ സംരക്ഷണം ഉറപ്പാക്കും. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന തരത്തിൽ എല്ലാ മേഖലയിലുള്ളവരുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ചാണ് വനിതാനയം തയ്യാറാക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. മകൾക്കൊപ്പം പദ്ധതിയുടെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് തിരുവനന്തപുരം ഹൈസിന്ത് ഹോട്ടലിൽ സംഘടിപ്പിക്കുന്ന ദ്വിദിന പുതുയുഗ വനിതാനയം ഹെർ സമ്മിറ്റ് 2026 ന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സ്ത്രീകൾക്ക് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ബൃഹദ് പദ്ധതികൾ ഈ വർഷം തന്നെ ആരംഭിക്കും. ഓരോ പ്രദേശത്തിനും അനുയോജ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും കണ്ടെത്തി വിപണനത്തിന് സർക്കാരിന്റെ സഹായവും നോളജ് പാർട്ണറുടെ പിന്തുണയും നൽകും. സാമ്പത്തിക ബുദ്ധിമുട്ടുകൾ പറഞ്ഞ് പദ്ധതികൾ മാറ്റിവെക്കില്ലെന്നും സ്വപ്ന പദ്ധതി പൂർണമായും നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

സോഷ്യൽ മീഡിയയിൽ സ്ത്രീകൾ നേരിടുന്ന സൈബർ ആക്രമണങ്ങൾ തടയാൻ പ്രത്യേക നിയമനിർമ്മാണം നടത്തും. സാധാരണക്കാരായ സ്ത്രീകൾ അപമാനിക്കപ്പെടുന്നത് തടയാൻ കർശന ഇടപെടൽ വേണം. ലോകം മാറിക്കൊണ്ടിരിക്കുമ്പോൾ ചിന്തകൾക്കും മാറ്റമുണ്ടാകണമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

വനിതാ സംരംഭകർക്ക് സാമ്പത്തിക-സാങ്കേതിക പിന്തുണ നൽകുന്നതിനൊപ്പം ഹരിത സമ്പദ് വ്യവസ്ഥയിലും പുതിയ തൊഴിൽ മേഖലകളിലും അർഹമായ പ്രാതിനിധ്യം വനിതാ നയത്തിൽ ഉറപ്പാക്കുമെന്ന് വനിതാ ശിശുസംരക്ഷണ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പങ്കാളിത്തത്തിന് പുറമെ, നയരൂപീകരണത്തിലും ബജറ്റ് തീരുമാനങ്ങളിലും ഭരണ നിർവഹണത്തിലും സ്ത്രീകളുടെ യഥാർഥ സ്വാധീനവും പങ്കാളിത്തവും ഉറപ്പുവരുത്തും. ലിംഗ സമത്വവും അവകാശബോധവും വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കും. കൗമാര-ആർത്തവ ആരോഗ്യം, മാനസികാരോഗ്യം, പോസ്റ്റ്പാർട്ടം ഡിപ്രഷൻ എന്നിവ ഗൗരവമായി അഭിസംബോധന ചെയ്യും. സ്ത്രീകൾക്ക് ഭയരഹിതമായി നടക്കാനും അന്തസ്സോടെ തൊഴിലെടുക്കാനുമുള്ള ഭയരഹിതമായ സുരക്ഷിതാന്തരീക്ഷം സൃഷ്ടിക്കും. പുതിയ തലമുറയിലെ പെൺകുട്ടികളുടെയും പുരുഷന്മാരുടെയുമടക്കം എല്ലാ വിഭാഗങ്ങളുടെയും അഭിപ്രായങ്ങൾ സ്വീകരിച്ച് ജനാധിപത്യപരമായ രീതിയിലാണ് നയം രൂപീകരിക്കുന്നതെന്നും അധ്യക്ഷ പ്രസംഗത്തിൽ മന്ത്രി കൂട്ടിച്ചേർത്തു.

കേരളം കഴിഞ്ഞ 70 വർഷമായി മുന്നോട്ടുപോയത് ഏകപക്ഷീയ തീരുമാനങ്ങളിലൂടെയല്ല, മറിച്ച് ജനാധിപത്യപരമായ കൂട്ടായ ചർച്ചകളിലൂടെയാണെന്ന് മുഖ്യപ്രഭാഷണത്തിൽ പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ എ തുളസി ചൂണ്ടിക്കാട്ടി. ആ പാരമ്പര്യം തുടർന്നുകൊണ്ട് വീട്ടമ്മമാർ, തൊഴിലെടുക്കുന്ന സ്ത്രീകൾ, സംരംഭകർ, ജനപ്രതിനിധികൾ തുടങ്ങി സമഗ്രമേഖലകളിൽ നിന്നുമുള്ള സ്ത്രീകളുടെ കൂട്ടായ അഭിപ്രായങ്ങൾ സ്വരൂപിച്ചാണ് വനിതാനയത്തിന് രൂപം നൽകുന്നതെന്ന് മന്ത്രി പറഞ്ഞു. സർക്കാർ അധികാരത്തിൽ വന്ന് തുടക്കത്തിൽ തന്നെ വനിതാനയ രൂപീകരണത്തിനായി ഹെർ സമ്മിറ്റ് നടത്താൻ മുൻകൈ എടുത്ത വനിതാ ശിശുവികസന വകുപ്പിനെ മന്ത്രി പ്രശംസിച്ചു.

ഉദ്ഘാടന ചടങ്ങിൽ വനിതാ ശിശുവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബാ ജോർജ് സ്വാഗതം ആശംസിച്ചു. എം.എൽ.എമാരായ ഉമാ തോമസ്, ഉഷാ വിജയൻ, ഭരണ പരിഷ്കാര കമ്മിഷൻ ചെയർപേഴ്സൺ ഡോ. എം.കെ. മുനീർ, വനിതാ കമ്മിഷൻ ചെയർപേഴ്സൺ പി. സതീദേവി, മുൻ മന്ത്രി പി.കെ. ശ്രീമതി, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായി.

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് മൊബൈൽ ആപ്പിന് വൻ സ്വീകാര്യത; ഡൗൺലോഡുകളുടെ എണ്ണം 11,000 കടന്നു

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷന് സംസ്ഥാനത്തെ തൊഴിലാളികൾക്കും തൊഴിലുടമകൾക്കുമിടയിൽ വൻ സ്വീകാര്യത. പുറത്തിറങ്ങി രണ്ടാഴ്ചയ്ക്കുള്ളിൽ ആപ്പ് ഡൗൺലോഡ് ചെയ്തവരുടെ എണ്ണം 11,000 കവിഞ്ഞു. ഓഫീസുകൾ നേരിട്ട് സന്ദർശിക്കാതെ മോട്ടോർ തൊഴിലാളികൾക്കും വാഹന ഉടമകൾക്കും സ്മാർട്ട്ഫോൺ വഴി വേഗത്തിലും സുരക്ഷിതമായും സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം.

തൊഴിലാളികൾക്കും വാഹന ഉടമകൾക്കും ഒരുപോലെ അംശദായം അടയ്ക്കാനുള്ള സൗകര്യം, സുരക്ഷിത ഓൺലൈൻ പേയ്മെന്റ്, രസീതുകൾ തത്സമയം ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം, പൂർണ പേയ്മെന്റ് ഹിസ്റ്ററി തുടങ്ങിയവ ആപ്പിലൂടെ ലഭ്യമാണ്. മൊബൈൽ ആപ്പിനൊപ്പം കെ.എം.ടി.ഡബ്ല്യു.ഡബ്ല്യു.എഫ്.ബി ഔദ്യോഗിക വെബ് പോർട്ടലും (സാ൦േളയ.സലൃമഹമ.ഴീ്.ശി) പ്രവർത്തനസജ്ജമാണ്. വാഹനങ്ങളുടെയും ജീവനക്കാരുടെയും പുതിയ രജിസ്ട്രേഷൻ നടപടി പൂർണമായും ഓൺലൈൻ സോഫ്റ്റ്വെയർ മുഖേനയാണ് നടപ്പാക്കുന്നത്. വാഹനങ്ങളുമായി ബന്ധപ്പെട്ട എല്ലാവിധ സേവനങ്ങളും ഓൺലൈനാക്കി മാറ്റിയിട്ടുണ്ട്.

തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമ ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷ സമർപ്പണവും ധനസഹായ വിതരണവും ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങളും ഘട്ടംഘട്ടമായി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റും. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഔദ്യോഗിക ക്യൂ.ആർ കോഡ് സ്കാൻ ചെയ്തും ആപ്പ് ഡൗൺലോഡ് ചെയ്യാം.

തൂഫാൻ ഹ്രസ്വചിത്ര മത്സരം: അവാർഡ് വിതരണം നവംബർ 3ന്

തൂഫാൻ: ലഹരിക്കെതിരെ പോരാട്ടത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാന തല ഹ്രസ്വചിത്ര മത്സരത്തിന്റെ അവാർഡ് വിതരണം നവംബർ 3ന്. രാവിലെ 10.30ന് കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ നടക്കുന്ന പരിപാടിയുടെ ഉദ്ഘാടനം വ്യവസായ, ഐ.ടി. എ.ഐ. വകുപ്പ് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി നിർവഹിക്കും. പൊതുവിദ്യാഭ്യാസ, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ അധ്യക്ഷനാകും. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി ആഭ്യന്തര വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായാണ് മത്സരം സംഘടിപ്പിച്ചത്. സംസ്ഥാന തല മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ച ചിത്രങ്ങൾ, മികച്ച സംവിധായകൻ, മികച്ച തിരക്കഥാകൃത്ത്, മികച്ച നടൻ, നടി, മികച്ച ടീച്ചർ / മെന്റർ എന്നിവർക്കാണ് പുരസ്കാരം. അവാർഡിന് അർഹമായ ചിത്രങ്ങളുടെ പ്രദർശനവുമുണ്ടാകും.

സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന എക്സൈസ് മേധാവി, സംസ്ഥാന പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

ശബരിമല മണ്ഡലമകരവിളക്ക് മഹോത്സവം: ദുരന്ത നിവാരണ പരിശീലനം നവംബർ മൂന്ന് മുതൽ

മന്ത്രി എ പി അനിൽകുമാർ ഉദ്ഘാടനം ചെയ്യും

ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം സുരക്ഷിതമായും സുഗമമായും നടത്തുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റുമായി സഹകരിച്ച് നവംബർ മൂന്ന് മുതൽ ആറ് വരെ സംയുക്ത ദുരന്ത നിവാരണ പരിശീലന പരിപാടി സംഘടിപ്പിക്കും. ഔദ്യോഗിക ഉദ്ഘാടനം നവംബർ നാല് രാവിലെ 11.30ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിൽ റവന്യൂ വകുപ്പ് മന്ത്രി എ.പി. അനിൽകുമാർ നിർവഹിക്കും.

ശബരിമല ഡ്യൂട്ടിക്കായി നിയോഗിക്കുന്ന ഡ്യൂട്ടി മജിസ്ട്രേറ്റുമാർ, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർ, ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന് മറ്റ് പ്രധാനപ്പെട്ട 11 ഓളം വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ, ജില്ലകളിലെ ഡെപ്യൂട്ടി തഹസിൽദാർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ ഉൾപ്പെടെ 40 ലധികം പേർ പരിശീലനത്തിൽ പങ്കെടുക്കും. ജനത്തിരക്ക് നിയന്ത്രണം, ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം, ക്രമസമാധാനപാലനം, മജിസ്റ്റീരിയൽ ചുമതലകൾ, ദുരന്തനിവാരണം, ശബരിമലയിലെ വിവിധ സ്ക്വാഡുകളുടെ പ്രവർത്തനം തുടങ്ങിയ വിഷയങ്ങൾ പരിശീലന പരിപാടിയിലുണ്ട്.

റവന്യൂ ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, ലാൻഡ് റവന്യൂ കമ്മീഷണർ എച്ച് ദിനേശൻ, മുൻ കോട്ടയം ജില്ല കലക്ടർ പി.കെ. ജയശ്രീ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എം. സി. റെജിൽ, മുൻ പത്തനംതിട്ട എഡിഎം അനു എസ്. നായർ, മുൻ ശബരിമല എഡിഎം അരുൺ എസ്. നായർ, നിലവിലെ ശബരിമല എഡിഎം ദിലീപ് കെ കൈനിക്കര, മുൻ ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ശ്രീകുമാർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് ഫാക്കൽറ്റി രോഹിത് കുമാർ, അഡ്വ. ജയചന്ദ്രദാസ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിക്കും.

തീയതി നീട്ടി

കൊല്ലം ജില്ലയിലെ വെട്ടിക്കവല അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസ് പരിധിയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കം ക്രഷിലേക്ക് വർക്കർ / ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള തീയതി നവംബർ ഏഴ് വരെ നീട്ടി. ഫോൺ: 0474 2616660, 828199116.

ട്രേഡ്സ്മാൻ നിയമനം

തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ എംസിഎ വിഭാഗത്തിൽ ട്രേഡ്സ്മാൻ താത്കാലിക ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള പരീക്ഷ/കൂടിക്കാഴ്ച നവംബർ ആറ് രാവിലെ 10 ന് പി.ജി. ബ്ലോക്കിൽ നടക്കും. സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. വിവരങ്ങൾക്ക്: www.gectcr.ac.in, 0487 2334144.

റോഡ് തോടായി; കാൽനടയാത്ര മതിലുകൾക്ക് മുകളിലൂടെ

കാട്ടാക്കട: മഴ പെയ്താൽ തോടായി മാറുന്ന റോഡ്, പ്രദേശവാസികൾ നടക്കുന്നത് റോഡിനു സൈഡിലുള്ള മതിലുകളിലൂടെ. കാട്ടാക്കട പഞ്ചായത്തിലെ പൊന്നറ – മൊളിയൂർ വാർഡുകൾ അതിർത്തി പങ്കിടുന്ന പുതുവയ്ക്കൽ റോഡിലാണ് 100 മീറ്ററോളം ദൂരം വെള്ളക്കെട്ട് രൂപപ്പെടുന്നത്. റോഡിന് ഇരുവശങ്ങളിലും സ്വകാര്യ വ്യക്തികളുടെ വസ്തുക്കൾ തുറസായി കിടന്നപ്പോൾ റോഡിലെ വെള്ളം സമീപത്തെ മേച്ചിറ തോട്ടിലേക്ക് തടസമില്ലാതെ ഒഴുകിപ്പോയിരുന്നു. എന്നാൽ അടുത്തിടെ മതിലുകൾ ഉയർന്നതോടെയാണ് ഒഴുക്കു നിലച്ചു വെള്ളം റോഡിൽ കെട്ടിക്കിടക്കാൻ തുടങ്ങിയത്. റോഡിനു വശത്തായി ഓട നിർമിച്ചാൽ പ്രശ്നം പരിഹരിക്കാനാവും. കുളത്തുമ്മൽ ഹയർ സെക്കൻഡറി സ്കൂളിൽ പോകുന്ന കുട്ടികൾ ഉൾപ്പടെ മുട്ടളവ് ഉയർന്നുകിടക്കുന്ന ചെളിവെള്ളത്തിലൂടെയോ മതിലുകളിലൂടെയോ നടക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. പുതുവയ്ക്കൽ റോഡ് ആരംഭിക്കുന്നിടത്തും അവസാനിക്കുന്നിടത്തും ഓടയുണ്ട്.

200 മീറ്റർ മാത്രം പുതിയ ഓട നിർമിച്ചാൽ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമാകുമെന്നു നാട്ടുകാർ പറയുന്നു. രണ്ട് വാർഡുകൾ അതിർത്തി പങ്കിടുന്നതിനാൽ ഇക്കാര്യം ആരുചെയ്യുമെന്ന തർക്കമാണ് റോഡിൻറെ ശോച്യാവസ്ഥയ്ക്കു കാരണം. വെള്ളക്കെട്ടു പരിഹരിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തിനൊരുങ്ങുകയാണ് നാട്ടുകാർ.

തമിഴ്നാട്ടിൽ തടവുകാർ ജീവനക്കാരായ 11 പെട്രോൾ പമ്പുകൾ അടച്ചു

ചെന്നൈ: തമിഴ്നാട്ടിൽ തടവുകാരുടെ ജയിൽചാട്ടം തുടർച്ചയായതോടെ മുൻകരുതൽ നടപടിയുടെ ഭാഗമായി തടവുകാർ ജീവനക്കാരായി പ്രവർത്തിക്കുന്ന 11 പെട്രോൾ പന്പുകൾ താത്കാലികമായി അടച്ചു.

പുഴൽ, കോയമ്പത്തൂർ, മധുര സെൻട്രൽ ജയിലുകൾക്കു സമീപം രണ്ടുവീതവും വെല്ലൂർ, സേലം, തിരുച്ചിറപ്പള്ളി, പാലയങ്കോട്ടൈ സെൻട്രൽ ജയിലുകൾക്കു സമീപം ഓരോന്നു വീതവും നിർത്തലാക്കിയവിൽ പെടും.തിരുച്ചിറപ്പള്ളിയിലെ വനിതാ സ്പെഷൽ ജയിലിനും പുതുക്കോട്ടൈ ജില്ലാ ജയിലിനും സമീപമുള്ള ഔട്ട്ലെറ്റുകളും അന്പത്തൂർ റോഡിൽ പുഴൽ സെൻട്രൽ ജയിലിനു സമീപമുള്ള രണ്ട് പന്പുകളും ഇതിൽപ്പെടും. ഇന്ത്യൻ ഓയിൽ കോർപറേഷനുമായി സഹകരിച്ചു പ്രവർത്തിക്കുന്ന, പരിശീലനം ലഭിച്ച തടവുകാർ മുഴുവൻ സമയവും പ്രവർത്തിപ്പിക്കുന്ന പന്പുകളാണിവ.

ഇതിനിടെ, തേനി ജയിലിൽ പീഡനം നേരിട്ടെന്ന് അറസ്റ്റിലായ തടവുകാരൻ ആരോപിക്കുന്ന വീഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചത് പുതിയ വിവാദത്തിന് തിരികൊളുത്തി. ചെന്നൈയിലെ പുഴൽ സെൻട്രൽ ജയിലിൽനിന്ന് രണ്ടു പേരും തേനിയിലെ ജയിലിൽനിന്ന് 17 പേരും കോയമ്പത്തൂരിൽനിന്ന് ഒരാളുമാണ് അടുത്തിടെ രക്ഷപ്പെട്ടത്.ചെന്നൈയിലും തേനിയിലും രക്ഷപ്പെട്ടവരെ പൊലിസ് പിടികൂടിയെങ്കിലും കോയമ്പത്തൂരിൽനിന്ന് രക്ഷപ്പെട്ടയാൾക്കായുള്ള തെരച്ചിൽ തുടരുകയാണ്. ഒക്ടോബർ 26ന് ആണ്ടിപ്പട്ടിക്കു സമീപം തെക്കാംപട്ടിയിലെ ജില്ലാ ജയിലിൽനിന്നാണ് 17 തടവുകാർ ജീവനക്കാരെ ആക്രമിച്ച് രക്ഷപ്പെട്ടത്. 36 മണിക്കൂറിനുള്ളിൽ ഇവരെ പൊലീസ് പിടികൂടി.

അറസ്റ്റിനിടെയുണ്ടായ വെടിവയ്പിൽ മധുര സ്വദേശിയായ മീനാക്ഷിസുന്ദരത്തിനും സഹോദരൻ തിരുപ്പതിക്കും വെടിയേറ്റതായാണ് റിപ്പോർട്ട്. ജയിലിനുള്ളിലെ ക്രൂരമായ പീഡനവും മോശം ഭക്ഷണവുമാണ് തടവുകാരെ രക്ഷപ്പെടാൻ പ്രേരിപ്പിച്ചതെന്ന് മീനാക്ഷി സുന്ദരം തൻറെ വീഡിയോയിലൂടെ ആരോപിക്കുന്നുണ്ട്.

ജയിൽ അധികൃതർക്ക് പരാതി നൽകിയിട്ടും നടപടിയുണ്ടായില്ലെന്നും അതിനാൽ കോടതിയിൽ നേരിട്ട് കീഴടങ്ങാനാണ് രക്ഷപ്പെട്ടതെന്നും ചീഫ് ജസ്റ്റീസിനോടും മുഖ്യമന്ത്രിയോടും അഭ്യർഥിച്ചുകൊണ്ട് ഇയാൾ പറഞ്ഞു. ഏറ്റുമുട്ടലിലൂടെ തന്നെ കൊലപ്പെടുത്താൻ പൊലിസ് പദ്ധതിയിട്ടിരുന്നു.സംഭവത്തിൽ സഹോദരന് പങ്കില്ലെന്നും ഗർഭിണിയായ ഭാര്യയോടൊപ്പം പുതിയ ജീവിതം ആരംഭിക്കാനാണ് ആഗ്രഹമെന്നും ഇയാൾ പറയുന്നു.ഔദ്യോഗിക കണക്കിൽ 17 പേരാണ് രക്ഷപ്പെട്ടതെങ്കിലും 21 തടവുകാർ ജയിൽചാടിയെന്നാണ് മീനാക്ഷിസുന്ദരത്തിൻറെ അവകാശവാദം. ഇത് പുതിയ തർക്കത്തിന് വഴിമരുന്നിട്ടിട്ടുണ്ട്.

സ്ഥലമെടുപ്പ് നീളുന്നു; കര തൊടാതെ കാക്കമൂല മേൽപ്പാലം

നേമം: കാക്കാമൂല- വെള്ളായണി കാർഷിക കോളജ് പ്രദേശങ്ങളെ ബന്ധിപ്പിച്ചു വെള്ളായണി കായലിനു കുറുകെ നിർമിക്കുന്ന മേൽപ്പാലം കര തൊടിയിക്കാൻ കഴിയുന്നില്ലെന്ന് ആക്ഷേപം. സ്ഥലം ഏറ്റെടുപ്പ് അനിശ്ചിതമായി നീളുന്നതാണ് ഇതിനു കാരണം.

ഭൂമി ഏറ്റെടുത്തു നൽകാത്തതാണ് പാലത്തിൻറെ പണി മാസങ്ങളായിട്ടും ഇഴയുന്നതിനു കാ രണമായത്. കഴിഞ്ഞ സർക്കാരിൻറെ കാലത്ത് 2024 ഓഗസ്റ്റിൽ തുടങ്ങിയ പാലംപണി 2026 ഫെബ്രുവരിയിൽ പൂർത്തിയായെങ്കിലും പാലത്തെ ഇരുവശത്തെയും റോഡുകളുമായി ബന്ധിപ്പിക്കൽ നടന്നിട്ടില്ല. 4.28 സെൻറ് ഭൂമി കൂടി ഏറ്റെടുത്തെങ്കിൽ മാത്രമേ ഇതിനു സാധിക്കൂ. വകുപ്പുകളുടെ ഏകോപനക്കുറവുമൂലം ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാൻ കാലതാമസമെടുക്കുന്നുവെന്നാണ് ആക്ഷേപം. ഭൂമി ഏറ്റെടുക്കൽ നടക്കാത്തതുകാരണം പണി പൂർത്തീകരിക്കാനാകാതെ കരാറുക്കാരും ബുദ്ധിമുട്ടിലായിരിക്കുകയാണ്. കായലിനു കുറുകെ നിലവിലുള്ള ബണ്ട് റോഡിനു പകരമാണ് 30.25 കോടി രൂപ മുടക്കിയാ ണ് പാലം നിർമിക്കുന്നത്.

എം. വിൻസൻറ് എംഎൽഎയുടെ കോവളം നിയോജകമണ്ഡലത്തിൽ കല്ലിയൂർ പഞ്ചായത്തിലാണ് പാലം പണി നടക്കുന്നത്. 173.2 മീറ്റർ നീളത്തിലാണു പാലം നിർമിക്കുന്നത്. 7.5 മീറ്റർ നടപ്പാതയുമുണ്ട്. കാക്കാമൂല ഭാഗത്ത് 228 മീറ്ററും കാർഷിക കോളജ് ഭാഗത്ത് 213 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡും പാലത്തിൻറെ ഭാഗമായുണ്ട്. പാലം പണി നീളുന്നതുകാരണം ഇരുവശത്തുമുള്ളവർ ഗതാഗത തടസത്താൽ ബുദ്ധിമുട്ടുകയാണ്. പാലത്തിൻറെ നിർമാണത്തിനൊപ്പം ആർച്ചുകളും ലൈറ്റുകളും സ്ഥാപിക്കും.

മഴക്കാലങ്ങളിൽ ബണ്ട് റോഡിൽ വെള്ളം കയറി ഗതാഗതം തടസപ്പെടാതിരിക്കാനും കായലിൻറെ ആവാസ വ്യവസ്ഥയ്ക്കു തടസം നേരിടുന്ന രീതിയിൽ വരാതിരിക്കാനും കായലിലെ മത്സ്യസമ്പത്തിനു കോട്ടം തട്ടാതിരിക്കാനും വേണ്ട മുൻകൈരുതലുകളും പദ്ധതിയുടെ ഭാഗമായുണ്ട്. മഴക്കാലമായാൽ കാക്കാമൂല – കാർഷിക കോളജ് റോഡിൽ കായലിൽനിന്നും വെള്ളം കയറി റോഡും കായലും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയും പതിവായിരുന്നു. ഇതിന് പരിഹാരമായാണ് പാലം നിർമിക്കാൻ തീരുമാനിച്ചത്. പാലം പണി നീളുന്നതിനാൽ ഗതാഗത തടസപ്പെടുകയാണ്. ബദൽ യാത്രയ്ക്ക് അനുവദിച്ച കാക്കമൂല, കാരിക്കുഴി, ചുടലിവിള വവ്വാമൂല റോഡും പൊട്ടിപൊളിഞ്ഞ് യാത്രദുരിതത്തിലാണ്.

രാമപുരം – കിഴക്കേകോട്ട ബസ് സർവീസ് ആരംഭിച്ചു

നെയ്യാറ്റിൻകര: രാമപുരം ദേവി ക്ഷേത്രത്തിൽ നിന്നാരംഭിച്ച് ബാലരാമപുരം വഴി കിഴക്കേകോട്ട പോകുന്ന കെഎസ്ആർടിസി ബസ് സർവീസിൻറെ ഉദ്ഘാടനം എൻ. ശക്തൻ എംഎൽഎ നിർവഹിച്ചു.

ജില്ലാ പഞ്ചായത്ത് അംഗം അഞ്ചിത വിനോദ് കോട്ടുകാൽ അധ്യക്ഷയായി. എടിഒ സെബാസ്റ്റ്യൻ, കൺട്രോളിംഗ് ഇൻസ്പെക്ടർ സന്തോഷ്കുമാർ, ബ്ലോക്ക്പഞ്ചായത്ത് അംഗം മെമ്പർ അനികുട്ടൻ, പഞ്ചായത്ത് അംഗങ്ങളായ കവിത, സബിത, ക്ഷേത്ര പ്രസിഡൻറ് സോമൻ, സനിൽ കുമാർ, സുരേന്ദ്രൻ രാമപുരം, കരുണാകരൻനായർ, ബിജു, സുകു, മുഹ്സീൻ, ഹക്കിം എന്നിവർ പങ്കെടുത്തു.

നിയമസഭയിൽ ദേശീയ കോൺഫറൻസ്

ഇന്ത്യൻ പാർലമെന്റിലെയും എല്ലാ സംസ്ഥാനങ്ങളിലെയും/കേന്ദ്രഭരണ പ്രദേശങ്ങളിലെയും നിയമസഭകളിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാരുടെ കോൺഫറൻസ് നവംബർ 3, 4 തീയതികളിലായി കേരള നിയമസഭയിൽ സംഘടിപ്പിക്കുന്നു. നവംബർ മൂന്ന് ഉച്ചയ്ക്ക് 12 ന് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ലോക്സഭാ സ്പീക്കർ കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന സമ്മേളനത്തിൽ ലോക്സഭാ സ്പീക്കർ, രാജ്യസഭാ ഡെപ്യൂട്ടി ചെയർപേഴ്സൺ, പാർലമെന്റിലെ പി.എ.സി. ചെയർപേഴ്സൺ, സംസ്ഥാന മുഖ്യമന്ത്രി, നിയമസഭാ സ്പീക്കർ, നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ, നിയമസഭാ പി.എ.സി. ചെയർപേഴ്സൺ തുടങ്ങിയവർ പങ്കെടുക്കും. പ്രസ്തുത ദിവസങ്ങളിൽ രണ്ട് സെഷനുകളിലായി കേരളനിയമസഭയുടെ അസംബ്ലി ഹാളിൽ സംഘടിപ്പിക്കുന്ന പ്ലീനറി സെഷനിൽ 'Audit, Accountability and Good Governance - the Evolving Role of PAC.' എന്ന വിഷയത്തിൽ ചർച്ച നടക്കും. നവംബർ നാല് രാവിലെ 11.45 ന് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്ന സമാപന സമ്മേളനത്തോടെ കോൺഫറൻസ് അവസാനിക്കും. സമാപന സമ്മേളനത്തിൽ ലോക്സഭാ സ്പീക്കർ, പാർലമെന്റിലെ പി.എ.സി. ചെയർപേഴ്സൺ, നിയമസഭാ സ്പീക്കർ, നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ, നിയമസഭാ പി.എ.സി. ചെയർപേഴ്സൺ തുടങ്ങിയവർ പങ്കെടുക്കും.

ഡെപ്യൂട്ടേഷന് അപേക്ഷ ക്ഷണിക്കുന്നു

സമഗ്ര ശിക്ഷാ കേരളയുടെ തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലാ പ്രോജക്ട് ഓഫീസുകളിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ക്ലാർക്ക് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർ മാത്രമാണ് അപേക്ഷ അയയ്ക്കേണ്ടത്. വിദ്യാഭ്യാസവകുപ്പിൽ നിന്നുള്ള അപേക്ഷകർക്കായിരിക്കും മുൻഗണന. അപേക്ഷയുടെ മാതൃകയും വിശദവിവരങ്ങളും സമഗ്ര ശിക്ഷാ കേരളയുടെ വെബ്സൈറ്റിൽ (www.ssakerala.in) ലഭ്യമാണ്. അപേക്ഷകൾ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി നവംബർ 10.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

കാർ യാത്രികരെ ആക്രമിച്ച പൊലിസുകാരനു സസ്പെൻഷൻ

വിഴിഞ്ഞം: മദ്യലഹരിയിൽ കാർ യാത്രികരെ ആക്രമിച്ച പൊലി സുകാരനു സസ്പെൻഷൻ. വിഴിഞ്ഞം മറൈൻ എൻഫോഴ്സ് മെൻറിലെ ടിജു(35)വി നെയാണു തൃശൂർ സിറ്റി പൊലിസ് കമ്മിഷണർ നകുൽ രാജേന്ദ്ര ദേശ്മുഖ് സസ്പെൻഡ് ചെയ്തത് ഉത്തരവിറക്കിയത്.

മദ്യപിച്ച് പൊതുജനമധ്യത്തിൽ പൊലിസിൻറെ അന്തസിനു കളങ്കം വരുത്തുന്ന തരത്തിൽ പ്രവർത്തിച്ചുവെന്ന കുറ്റത്തിനാണ് നടപടി. പ്രശ്നം സംബന്ധിച്ച റിപ്പോർട്ട് തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ അരുൾ ആർ.ബി. കൃഷ്ണ കഴിഞ്ഞ ദിവസം തൃശൂർ സിറ്റി പൊലിസ് കമ്മിഷണർക്ക് കൈമാറിയിരുന്നു. തൃശൂരിൽനിന്നു ഡെപ്യൂട്ടേഷനിൽ ഫിഷറീസ് വകുപ്പിനു കീഴിലുള്ള വിഴിഞ്ഞം മറൈൻ എൻഫോഴ്സ് മെൻറിലേക്ക് മൂന്നര വർഷം മുൻപാണ് ടിജോ ജോലിക്കെത്തിയത്.

എന്നാൽ ജോലിയിൽനിന്നു മാറ്റി നിർത്തിയിരിക്കുന്ന ടിജുവിനെതിരേയുള്ള സസ്പെൻഷൻ ഓർഡർ ഔദ്യോഗികമായി ഇന്നലെ രാത്രി വരെയും തങ്ങൾക്കു ലഭിച്ചില്ലെന്നു മറൈൻ എൻഫോഴ്സ്മെൻറിലെ ഉന്നത ഉദ്യോഗസ്ഥർ അറിയിച്ചു. ഇയാൾക്കുള്ള ശമ്പളവും മറ്റ് അലവൻസുകളുമെല്ലാം ഫിഷറീസ് വകുപ്പിൽ നിന്നായതിനാൽ തുടർനടപടികൾ അവിടെ നിന്നുംവരേണ്ടതുണ്ട്.

ഇക്കഴിഞ്ഞ വെള്ളിയാഴ്ച രാത്രി കോവളം - കാരോട് ബൈപ്പാസിൻറെ സർവീസ് റോഡിൽ മുക്കോല തലയ്ക്കോട് ഭാഗത്തായിരുന്നു സംഭവം. ടിജു വിൻറെ ഹെൽമറ്റ് കൊണ്ടുള്ള അടിയേറ്റ് മുക്കോല അഥിതിയിൽ ശന്തനു (36) വിനു ഗുരുതര പരിക്കേറ്റിരുന്നു. ഇയാളുടെ ഭാര്യ സ്വാതിയും അഞ്ചു വയസുകാരിയായ മകളും കുഞ്ഞമ്മയായ രാജലക്ഷ്മിയും ഒപ്പമുണ്ടായിരുന്നു സമയ ത്തായിരുന്നു ടിജു വിൻറെ ആക്രമണം.

'ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ' ആദ്യ ഉപകേന്ദ്രം തിരുവനന്തപുരത്ത്

ഉദ്ഘാടനം നവംബർ നാലിന് സിദ്ധാർത്ഥ് സ്റ്റുഡന്റ് വെൽഫെയർ ആപ്പ് അവതരിപ്പിക്കും

ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ'ന്റെ ആദ്യ ഉപകേന്ദ്രം തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. നവംബർ നാല് രാവിലെ 11 ന് വഴുതക്കാട് വിമൻസ് കോളേജിൽ നടക്കുന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ അധ്യക്ഷനാകും. ശാസ്ത്രീയ മനോഭാവവും യുക്തിസഹമായ അന്വേഷണ സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്തുടനീളം 300 ഉപകേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള വിപുലമായ പദ്ധതിയുടെ തുടക്കമാണിത്. വിദ്യാർഥി ക്ഷേമം ഉറപ്പാക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികളുടെ അഭിലാഷങ്ങൾ മനസ്സിലാക്കുന്നതിനുമുള്ള സുപ്രധാന ചുവടുവെപ്പുകളായ മൂന്ന് പദ്ധതികൾക്കും ഉന്നത വിദ്യാഭ്യാസ കൗൺസിൽ അന്ന് തുടക്കം കുറിക്കും.

കോളജ് കാമ്പസുകളിലെ റാഗിങ് തടയുന്നതിനും വിദ്യാർഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ പ്രഖ്യാപിച്ച മൊബൈൽ ആപ്ലിക്കേഷനായ 'സിദ്ധാർത്ഥ് സ്റ്റുഡന്റ് വെൽഫെയർ' ആപ്പിന്റെ അവതരണം ചടങ്ങിൽ നടക്കും.

പൂക്കോട് വെറ്ററിനറി കോളേജിൽ റാഗിങ്ങിനിരയായി മരണപ്പെട്ട ജെ.എസ്. സിദ്ധാർത്ഥന്റെ സ്മരണാർത്ഥമാണ് ആപ്പിന് പേര് നൽകിയിരിക്കുന്നത്. 'സ്റ്റുഡന്റ് ആസ്പിറേഷൻ സർവേ'യും പുറത്തിറക്കും. സി-ഡിറ്റുമായി സഹകരിച്ച് തയ്യാറാക്കിയ ശാസ്ത്രീയ മനോഭാവത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സിന്റെ ഉദ്ഘാടനവും നടക്കും.

തിരുവനന്തപുരം പ്രസ് ക്ലബ് വജ്രജൂബിലി ആഘോഷം

തിരുവനന്തപുരം : പ്രസ് ക്ലബിൻറെ വജ്രജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും മാധ്യമ പുരസ്കാര സമർപ്പണവും ഇന്നു നടക്കും. വൈകുന്നേരം ആറിനു കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെൻററിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം നിർവഹിക്കും.

പ്രസ് ക്ലബ് പ്രസിഡൻറ് എസ്. ശ്രീകേഷ് അധ്യക്ഷത വഹിക്കും. പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മന്ത്രിമാരായ രമേശ് ചെന്നിത്തല, പി.കെ. കുഞ്ഞാലിക്കുട്ടി, കെ മുരളീധരൻ, സി.പി. ജോൺ, ബിന്ദുകൃഷ്ണ, കോർപറേഷൻ മേയർ വി.വി. രാജേഷ് എന്നിവർ പങ്കെടുക്കും.

പ്രസ് ക്ലബിലെ നവീകരിച്ച ഡയമണ്ട് ജൂബിലി ഹാളിൻറെ ഉദ്ഘാടനം, ഹെൽത്ത് പ്രിവിലേജ് കാർഡ് പദ്ധതിയുടെ പ്രഖ്യാപനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേണലിസത്തിലെ ഓൺലൈൻ ക്ലാസുകളുടെ ഉദ്ഘാടനം തുടങ്ങിയവയും നടക്കും. ഒരു വർഷം നീളുന്ന വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അന്താരാഷ്ട്ര മാധ്യമ സമ്മേളനം, ലീഡർഷിപ്പ് കോൺക്ലേവ്, ഇൻഡോ അറബ് കോൺക്ലേവ്, മീഡിയ ഫിലിം ഫെസ്റ്റിവൽ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. വജ്രജൂബിലി സമാപനത്തോടനുബന്ധിച്ച് തൃശൂർ പൂരത്തിൻറെ മാതൃകയിൽ 'അനന്തപൂരം' എന്ന മെഗാപരിപാടിയും അരങ്ങേറും.

നോർക്ക റൂട്ട്സിൽ ഭരണഭാഷ സമ്മേളനം സംഘടിപ്പിച്ചു

കേരളപ്പിറവിയുടെ 70-ാം വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് തൈക്കാട് നോർക്ക റൂട്ട്സിൽ ഭരണഭാഷ സമ്മേളനം സംഘടിപ്പിച്ചു. തൈക്കാട് നോർക്ക സെന്ററിൽ ജീവനക്കാർ 'ഭരണഭാഷ മലയാളം' പ്രതിജ്ഞയെടുത്തു. ജനറൽ മാനേജർ പ്രകാശ് പി ജോസഫ് സത്യവാചകം ചൊല്ലി. നോർക്ക റൂട്ട്സിലെ മറ്റ് സെന്ററുകളിലെ ജീവനക്കാർ ഓൺലൈനായി സംബന്ധിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ് സാനുകുമാർ സ്വാഗതവും, റിക്രൂട്ട്മെന്റ് വിഭാഗം സെക്ഷൻ ഓഫീസർ വി.ഐ പ്രദീപ്കുമാർ നന്ദിയും പറഞ്ഞു. ഭരണഭാഷാ വാരാഘോഷത്തോട് അനുബന്ധിച്ച് നവംബർ ഏഴ് വരെയുള്ള ദിവസങ്ങളിൽ വിവിധ മത്സരങ്ങൾ ജീവനക്കാർക്കായി സംഘടിപ്പിക്കും.

നവതാര ചിൽഡ്രൻസ് ലൈബ്രറി കേരളപ്പിറവി ആഘോഷിച്ചു

ബാലരാമപുരം: പഞ്ചായത്ത് ഓഫിസ് വാർഡ് പ്രവർത്തന മേഖലയാക്കി പ്രവർത്തിച്ചുവരുന്ന നവതാര വിമൺസ് ആൻഡ് ചിൽഡ്രൻസ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കേരളപ്പിറവിയുടെ 70-ാം വാർഷിക ദിനാഘോഷവും സൗജന്യ പ്രതിവാര പിഎസ്സി ക്ലാസും കാർട്ടൂണിസ്റ്റ് ഹരി ചാരുത ഉദ്ഘാടനം ചെയ്തു.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർപേഴ്സൺമാരുടെ അഖിലേന്ത്യ കോൺഫറൻസ് നവംബർ മൂന്ന്, നാല് തീയതികളിൽ കേരളം നിയമസഭയിൽ

ലോക്സഭ സ്പീക്കർ ഉദ്ഘാടനം നിർവഹിക്കും

പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർപേഴ്സൺമാരുടെയും അംഗങ്ങളുടെയും അഖിലേന്ത്യ കോൺഫറൻസ് നവംബർ മൂന്ന്, നാല് തീയതികളിൽ കേരളം നിയമസഭയിൽ നടക്കും. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇത്തരമൊരു കോൺഫറൻസിന് ആദ്യമായാണ് സംസ്ഥാനം വേദി ആകുന്നതെന്ന് വാർത്താ സമ്മേളനത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. നവംബർ മൂന്ന് രാവിലെ 11.30 ന് ലോകസഭ സ്പീക്കർ ഓം ബിർള ഗാർഡ് ഓഫ് ഓണർ സ്വീകരിക്കും. തുടർന്ന് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ലോകസഭ സ്പീക്കർ കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രി വി. ഡി. സതീശൻ, രാജ്യസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ ഹരിവംശ് നാരായൺ സിംഗ്, പാർലമെന്റിലെ പി.എ.സി. അധ്യക്ഷൻ കെ.സി. വേണുഗോപാൽ, നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ, സംസ്ഥാന പി.എ.സി. അധ്യക്ഷൻ കെ.എൻ. ബാലഗോപാൽ എന്നിവർ സംസാരിക്കും. കോൺഫറൻസിൽ പ്രതിനിധികളും ഉദ്യോസ്ഥരും ഉൾപ്പെടെ 26 സംസ്ഥാനങ്ങളിൽ നിന്ന് 262 അംഗങ്ങൾ പങ്കെടുക്കും.രണ്ട് ദിവസങ്ങളിലായി നിയമസഭയുടെ അസംബ്ലി ഹാളിൽ സംഘടിപ്പിക്കുന്ന പ്ലീനറി സെഷനിൽ 'ഓഡിറ്റ്, അക്കൗണ്ടബിലിറ്റി ആൻഡ് ഗുഡ് ഗവേണൻസ് -ഇവോൾവിങ് റോൾ ഓഫ് ദി പി.എ.സി' എന്ന വിഷയത്തിൽ ചർച്ച നടക്കും. നവംബർ നാല് രാവിലെ 11.45 ന് ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്ന സമാപന സമ്മേളനത്തോടെ കോൺഫറൻസ് അവസാനിക്കും. സമാപന സമ്മേളനത്തിൽ ലോക്സഭാ സ്പീക്കർ, പാർലമെന്റിലെ പി.എ.സി. ചെയർപേഴ്സൺ, നിയമസഭ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, നിയമസഭ പി.എ.സി. ചെയർപേഴ്സൺ എന്നിവർ പങ്കെടുക്കും. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151(2) പ്രകാരം സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുന്ന കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ സമർപ്പിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ പരിശോധനയാണ് പി.എ.സി.കളുടെ പ്രധാന ചുമതല. 1933 ൽ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ആണ് ആദ്യമായി പി.എ.സി. രൂപീകൃതമായത്. പ്രതിപക്ഷ അംഗത്തെ പി.എ.സി.യുടെ ചെയർപേഴ്സൺ ആക്കുന്ന കീഴ്വഴക്കം ആദ്യമായി നടപ്പിലാക്കിയത് 1957 ൽ കേരള നിയമസഭയിലാണെന്ന് സ്പീക്കർ പറഞ്ഞു. കഴിഞ്ഞ 70 വർഷത്തിനിടയിൽ കേരള പി.എ.സി 1257 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കേരള നിയമസഭയിൽ ഏറ്റവും അധികം റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ള നിയമസഭാ കമ്മി

വാക്ക് ഇൻ ഇന്റർവ്യൂ

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ ചുമതലയിൽ വനിത ശിശു വികസന വകുപ്പിന്റെ സഹായത്തോടെ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന എൻട്രി ഹോം ഫോർ ഗേൾസിൽ ഒഴിവുള്ള വിവിധ തസ്തികയിലേക്ക് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. വനിതാ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം നവംബർ ഏഴ് രാവിലെ 11ന് കാസർഗോഡ് ജില്ല ശിശു സംരക്ഷണ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം. വിവരങ്ങൾക്ക്: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം, ഫോൺ : 0471-2348666,

